**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1805

15/07/2016-ലെ മറുപടിയ്ക്ക്

**പട്ടികജാതി ,പട്ടികവർഗ്ഗ പിന്നോക്ക സമുദായങ്ങളിലെ കുട്ടികൾക്കായി നിലവിലുള്ള ഹോസ്റ്റലുകൾ**

| ചോദ്യം<br>ശ്രീ. എൽദോ എബ്രഹാം | | ഉത്തരം<br>ശ്രീ.എ.കെ. ബാലൻ<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ പിന്നോക്ക സമുദായങ്ങളിലെ കുട്ടികൾക്കായി നിലവി ലുള്ള ഹോസ്റ്റലുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | പട്ടികജാതി വകുപ്പിന് കീഴിൽ മൂവാറ്റുപുഴയിൽ പെൺകുട്ടികൾക്കായി ഒരു പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു. മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലും പിന്നോക്ക സമുദായ വകുപ്പിൻ കീഴിലും നിലവിൽ ഹോസ്റ്റലുകൾ ഇല്ല. |
| (ബി) | പ്രസ്തുത ഹോസ്റ്റലുകൾ ഓരോന്നിലും എത്ര കുട്ടികൾ വീതം താമസിക്കുന്നുണ്ടെന്നും എത്ര ജീവനക്കാർ നിലവിലുണ്ടെന്നും തസ്തിക തിരിച്ച് അറിയിക്കാമോ; | (ബി) | മൂവാറ്റുപുഴ പ്രീമെട്രിക് ഹോസ്റ്റലിൽ (പെൺ) നിലവിൽ 30 കുട്ടികൾ താമസിക്കുന്നുണ്ട്. 5 ജീവനക്കാർ നിലവിലുണ്ട്. ആയതിൽ 4 പേർ സ്ഥിരം ജീവനക്കാരും ഒരാൾ ദിവസ വേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്നു. ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.<br>വാർഡൻ - 1(സ്ഥിരനിയമനമല്ല), കുക്ക് - 2<br>വാച്ച് വുമൺ - 1, പാർട്ട് ടൈം സ്വീപ്പർ -1 |
| (സി) | ഹോസ്റ്റലുകളുടെ നവീകരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ എല്ലാ പട്ടികജാതി /പട്ടിക-വർഗ്ഗ വിഭാഗങ്ങൾക്കുമുള്ള ഹോസ്റ്റലുകൾ നവീകരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി നിലവിൽ വകുപ്പ് തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ഗ്രാന്റ് ഇൻ എയ്ഡ് തുകയ്ക്ക് പുറമേ പുതുക്കിയ ബഡ്ജറ്റിൽ വകയിരുത്തിയ 150 കോടി രൂപയും ഉപയോഗപ്പെടുത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**